# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 600 — 28.03.2018 — ൽ മറുപടിക്ക്

## റേഷൻ കടകളിലൂടെ സപ്ലൈകോ ഉല്പന്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>,, മുഹമ്മദ് മുഹസിൻ പി. : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകളുടെ വൈവിധ്യവല്ക്കരണത്തിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ കടകളുടെ നവീകരണത്തിനും മറ്റ് പലചരക്കുകൾ കൂടി വിൽക്കുന്ന കടകളായി അവയെ രൂപാന്തരപ്പെടുത്തുന്നതിനും കെ.എസ്.എഫ്.ഇ. വഴി പലിശ രഹിത വായ്പ ലഭ്യമാക്കുവാൻ 2016-17 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശം ഉണ്ടായിരുന്നു. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പൂർണ്ണമായ രീതിയിൽ സംസ്ഥാനത്ത് നടപ്പാക്കിയതിനു ശേഷം മാത്രമേ റേഷൻ കടകൾ നവീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനുമുള്ള നടപടികൾ ആരംഭിക്കുകയുള്ളൂ. |
| (ബി) റേഷൻ കടകൾ വഴി ആട്ട, റവ, സൂചി ഗോതമ്പ്, മൈദ എന്നിവ വിറ്റഴിക്കുന്നതിന് പദ്ധതിയുണ്ടോ; | (ബി) റേഷൻ കടകൾ വഴി ആട്ട വിൽപ്പന നടത്തുന്നുണ്ട്. റവ, സൂചി ഗോതമ്പ്, മൈദ എന്നിവ റേഷൻ കടകൾ വഴി വിറ്റഴിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |
| (സി) റേഷൻ കടകൾ വഴി സപ്ലൈകോ ഉല്പന്നങ്ങൾ വില്പന നടത്തുന്നത് പരിഗണനയിലുണ്ടോ; | (സി) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ പ്രമുഖ ബ്രാൻഡുകളുടെ മൈദ, റവ, സൂചി ഗോതമ്പ് എന്നിവ സപ്ലൈകോ ഔട്ട്ലെറ്റുകളിലൂടെ വിതരണം ചെയ്യുന്നുണ്ട്. |
| (ഡി) ആദിവാസി ഊരുകളിൽ റേഷൻ വിതരണത്തിനായി മൊബൈൽ റേഷൻ കടകൾ ആരംഭിക്കുമോ; വ്യക്തമാക്കാമോ? | (ഡി) ആദിവാസി ഊരുകളിൽ റേഷൻ വിതരണത്തിനായി മൊബൈൽ റേഷൻ കടകൾ 14.07.17 മുതൽ ആരംഭിച്ചിട്ടുണ്ട്. അന്നേ ദിവസം മുതൽ തൃശ്ശൂർ താലൂക്കിലെ ഒളകര, മണിയൻകിണർ, താമരവെള്ളച്ചാൽ എന്നീ ആദിവാസി ഊരുകളിൽ സർക്കാരിന്റെ 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതിയിൽ ഉൾപ്പെടുത്തിയ 141 കുടുംബങ്ങൾക്ക് സിവിൽ സപ്ലൈസ് വകുപ്പിന്റെയും വനം വകുപ്പിന്റെയും വാഹനം ഉപയോഗിച്ച് നേരിട്ടെത്തിച്ച് റേഷനിംഗ് ഇൻസ്പെക്ടർമാരുടെ സാന്നിദ്ധ്യത്തിൽ റേഷൻ വിഹിതം കൃത്യമായ അളവിൽ നൽകി വരുന്നുണ്ട്. |

*സെക്ഷൻ ഓഫീസർ*